# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8/285/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 10/05/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8/285/2023 തീയ്യതി: 10/05/2023

## കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-04-2023 | 29-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-04-2023 | 29-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായ്ക്ക് പി, ഓഡിറ്റ് ഓഫീസർ
ജയാനന്ദ എച്ച് , ഓഡിറ്റ് ഓഫീസർ
യാദവകുമാര സി എച്ച്, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.മണികണ്ഠൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എസ്.സോളമൻ | സെക്രട്ടറി | 01-04-2021 | 06-08-2021 |
| സന്ധ്യാദേവി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-08-2021 | 16-08-2021 |
| രാജീവ് പി | സെക്രട്ടറി | 17-08-2021 | 10-12-2021 |
| സന്ധ്യാദേവി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-12-2021 | 01-03-2022 |
| രാഗേഷ് റ്റി | സെക്രട്ടറി | 02-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉമേഷ് എൻ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 11-08-2021 |
| മിത്ര വി | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | 11-08-2021 | 31-03-2022 |
| വൈശാഖ്.ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.ഷീബ പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ.എ.ടി.രാജ് മോഹൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി , പെരിയ | 01-04-2021 | 31-03-2022 |
| ഷൈനി ഐസക് | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| അശോകൻ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| പി.മിനി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| മനോഹരൻ.വി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ബാബു.എ | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2021 | 24-06-2021 |
| മന്മ മുരളി | പട്ടികവർഗ്ഗ വികസന ഓഫീസർ | 24-06-2021 | 14-12-2021 |
| സുധാകരൻ | പട്ടികവർഗ്ഗ വികസന | 14-12-2021 | 08-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ബാബു.എ | പട്ടികവർഗ്ഗ വികസന ഓഫീസർ | 08-03-2022 | 31-03-2022 |

,

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress-ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-1 |
| 4 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-2 |
| 5 | സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല. | 1-2-3 |
| 6 | മുൻകൂർ തുകകളുടെ രേഖകൾ ലഭ്യമല്ല | 1-2-4 |
| 7 | ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | തനത് ഫണ്ട് ചെലവുകൾ | 1-9 |
| 15 | വാടക തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച്. | 1-10 |
| 16 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-11 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല. | 1-12 |
| 18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-13 |
| 19 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1-14 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 ; തി: 17.02.2021 | 1/1 ; തി: 26.03.2022 |
| മുന്നിരിപ്പ് | 2,97,87,279 | 1,48,87,953 |
| വരവ് | 37,99,10,000 | 35,54,48,252 |
| ആകെ | 40,96,97,279 | 37,03,36,205 |
| ചെലവ് | 40,94,10,000 | 34,05,48,926 |
| നീക്കിയിരിപ്പ് | 2,87,279 | 2,97,87,279 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress-ൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു,

| ക്രമ നം. | പ്രൊജക്ട് നം | തുക |
|---|---|---|
| 1 | 82/2021-22 | 3,91,075 |
| 2 | 146/2021-22 | 4,19,528 |
| 3 | 142/2021-22 | 1,20,411 |

#### 1-2-2 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

1-2-3 സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

1-2-4 മുൻകൂർ തുകകളുടെ രേഖകൾ ലഭ്യമല്ല

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക B18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | മറ്റ് അഡ്വാൻസുകൾ | 7,17,671 |
| 3 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് | 1,45,807 |
| 4 | മറ്റുള്ളവർക്കു നൽകിയ അഡ്വാൻസ് | 42,000 |
| | ആകെ | 9,05,478 |

മേൽ തുകകൾ സംബന്ധിച്ച വിശദാംശം (ആർക്ക് നൽകിയത്, തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം), അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടില്ല.

1-2-5 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം B-9 ഷെഡ്യൂളിൽ ബാധ്യതയായി ചുവടെ പറയുന്ന തുക രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം, കോഡ് | തുക |
|---|---|
| പ്രോഗ്രാം / സ്കീം ചെലവുകൾ (350800119) | 64,650 |

മേൽ തുക സംബന്ധിച്ച വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | 47,22,341 |

| | |
|---|---|
| വരവ് | 9,76,26,880 |
| ആകെ | 10,23,49,221 |
| ചെലവ് | 9,40,03,955 |
| നീക്കിയിരിപ്പ് | 83,45,266 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,92,18,510 | 2,92,18,510 | 2,91,87,000 | 31,510 | 99.89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 35,11,000 | 35,11,000 | 35,11,000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 40,48,300 | 40,48,300 | 34,58,000 | 5,90,300 | 85.41 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 83,53,848 | 83,53,848 | 83,14,625 | 39,223 | 99.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 1,16,91,078 | 1,16,91,078 | 9452511 | 22,38,567 | 80.85 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | 0 | 82,65,117 | 82,65,117 | 72,10,613 | 10,54,504 | 87.24 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,91,87,000 | 2,91,87,000 | 2,91,87,000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 35,11,000 | 35,11,000 | 35,11,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 34,58,000 | 34,58,000 | 34,58,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 83,14,625 | 83,14,625 | 83,14,625 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 25,27,378 | 25,27,378 | 25,27,378 | 0 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 32,97,865 | 32,97,865 | 32,97,865 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 9,94,600 | 56,36,000 | 66,30,600 | 62,97,920 | 3,32,680 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി(ജില്ലാ പഞ്ചായത്ത് ) | 0 | 50,13,001 | 50,13,001 | 43,32,172 | 6,80,829 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 0 | 98,70,000 | 98,70,000 | 88,70,000 | 10,00,000 |
| തൊഴിലുറപ്പ് പദ്ധതി | 1,17,833 | 17,59,968 | 18,77,801 | 18,59,226 | 18,575 |
| എസ്.ബി.ടി-ETender -2698 | 72,333 | 1,10,141 | 1,82,474 | 695 | 1,81,779 |
| Syndicate Bank | 6,29,170 | 5,77,927 | 12,07,097 | 5,48,222 | 6,58,875 |
| എസ്.ബി.ഐ(IAY) | 51,186 | 1,396 | 52,582 | 0 | 52,582 |
| യൂണിയൻ ബാങ്ക് (IAY State Share) | 31,323 | 942 | 32,265 | 0 | 32,265 |
| യൂണിയൻ ബാങ്ക്( IAY Plan) | 13,464 | 405 | 13,869 | 0 | 13,869 |
| IDBI ബാങ്ക് | 0 | 1,62,26,083 | 1,62,26,083 | 1,20,56,867 | 41,69,216 |
| KGB -TSC | 28,03,955 | 91,105 | 28,95,060 | 9,635 | 28,85,425 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 10,84,66,265 | 95 | 7,78,10,213 | 0 | 12 | 88.78 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 4,26,55,428 | 33 | 2,91,34,909 | 68.30 |
| 2 | അസി.എക്സി.എഞ്ചിനീയർ | 2 | 74,76,400 | 2 | 24,71,220 | 33.05 |
| 3 | അസി.എഞ്ചിനീയർ | 42 | 2,40,27,531 | 38 | 1,65,49,598 | 68.87 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 6 | 58,11,283 | 6 | 58,11,283 | 100 |
| 5 | പട്ടികവർഗ്ഗ വികസന ഓഫീസർ | 3 | 29,26,000 | 3 | 22,34,007 | 76.35 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പെരിയ | 11 | 1,01,63,066 | 11 | 95,62,920 | 94.09 |
| 7 | പട്ടികജാതി വികസന ഓഫീസർ | 2 | 31,15,000 | 2 | 28,15,000 | 90.34 |

| | | | | | | |
|---|---|---|---|---|---|---|
| 8 | വ്യവസായ വികസന ഓഫീസർ | 1 | 42,50,000 | 1 | 14,36,980 | 33.81 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 16,87,000 | 3 | 15,24,870 | 90.39 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 4 | 63,54,557 | 4 | 62,69,426 | 98.66 |
| | ആകെ | 107 | 10,84,66,265 | 95 | 7,78,10,213 | 71.73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1,17,833 | 20,88,931 | 22,06,764 | 21,88,189 | 18,575 |
| ആകെ | 117833 | 20,88,931 | 22,06,764 | 21,88,189 | 18,574 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2023ന് 4 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ജോയിന്റ് ബി ഡി ഒ | 2 |
| 3 | ഹെഡ് ക്ലർക്ക് | 1 |
| 4 | ഹെഡ് അക്കൗണ്ടന്റ് | 1 |
| 5 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 |
| 6 | എക്സ്റ്റൻഷൻ ഓഫീസർ (വനിത ക്ഷേമം) | 1 |
| 7 | എക്സ്റ്റൻഷൻ ഓഫീസർ (പ്ലാൻ & മോണിട്ടറിങ്) | 1 |
| 8 | ക്ലർക്ക് / സീനിയർ ക്ലർക്ക് | 3 |
| 9 | വി.ഇ.ഒ ഗ്രേഡ് I /II | 9 |
| 10 | ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 |
| 11 | ഡ്രൈവർ | 1 |
| 12 | ഓഫീസ് അസിസ്റ്റന്റ് | 1 |
| 13 | പി.റ്റി.എസ്. | 1 |

വി.ഇ.ഒ.(ഗ്രേഡ് II) ഒരു തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്.

07.10.2022 ലെ BOKHD/504/2022A നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം പുതുക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിന് സാംഖ്യ, സുലേഖ, സകർമ്മ തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും

ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നുണ്ട് .

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 20 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്ന തിയതികൾ ചുവടെ ചേർക്കുന്നു.

03/21 (16.04.21), 04/21 (04.06.21), 05/21 (04.06.21), 06/21 (01.07.21), 07/21 (05.08.21), 08/21 (03.09.21), 09/21 (05.10.21), 10/21 (03.11.21), 11/21 (21.12.21), 12/21 (18.01.22), 01/22 (09.02.22), 02/22 (09.03.22). നവംബർ 21, ഡിസംബർ 21 എന്നീ മാസങ്ങളിലെ വരവ്-ചെലവുകൾ , തൊട്ടടുത്ത മാസം പത്താം തിയതിക്കകം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അംഗീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. 2021 ഏപ്രിൽ, മെയ് മാസങ്ങളിലെ കണക്കുകൾ, 2021 ജൂണിലാണ് കമ്മറ്റി അംഗീകരിച്ചിരിക്കുന്നത്.

സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെ പങ്കെടുപ്പിക്കുന്നുണ്ട്.

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 24.06.21, 05.08.21, 23.10.21, 09.11.21, 12.01.22, 19.01.22, 03.02.22, 23.02.22, 11.03.22, 17.03.22 എന്നീ തിയതികളിലായി 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കുന്നുണ്ടങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്.

മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സ്ഥാപനത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

11.02.2021 തിയതിയിൽ ബ്ലോക്ക് തല ഗ്രാമസഭ കൂടിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 വർഷത്തിൽ, 21.12.21, 18.01.22 തിയതികളിലായി, 02 തവണ യോഗം ചേർന്നിട്ടുണ്ട്. സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം പാലിക്കുന്നുണ്ട്.

സ്ഥാപനത്തിൽ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിക്കുന്നുണ്ട്. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-9 തനത് ഫണ്ട് ചെലവുകൾ

2021-22 വർഷത്തെ തനത്ഫണ്ടിൽ നിന്നുള്ള ഏതാനും ചെലവുകൾ ചുവടെയുള്ള ഉപഖണ്ഡികകളിൽ ചേർത്തിരിക്കുന്നു. പ്രസ്തുത പരാമർശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ). സാക്ഷരത പ്രേരകിന് അനുവദിച്ച ഹോണറേറിയം, തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരകുമാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം, സാക്ഷരതാ മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് സ.ഉ (സാധാ) നം.626/2021 തസ്വഭവ തി.26.02.2021 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരത പ്രേരകിന് (ഗീത എം) ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം ഓണറേറിയം നൽകിയിട്ടുണ്ട് . ഈ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ് (ആകെ - ₹ 30,240 /-)

1) ചെക്ക് നം.187548 / 03.04.2021 - ₹ 14,784 /-

2)ചെക്ക് നം.5844121 / 23.06.2021 - ₹ 15,456 /-

ബി). തൊഴിലുറപ്പ് -ഭരണതല ചെലവുകൾക്കനുവദിച്ച തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ നൽകേണ്ടതാണ്

2021-22 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് വിഭാഗത്തിന് അനുവദിച്ച ചുവടെ പറയുന്ന ചെലവുകൾ ക്രമീകരിക്കുകയോ,ധനകാര്യ പത്രികയിലെ അഡ്വാൻസ് റ്റു അദേഴ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ / വിനിയോഗ വിവരങ്ങൾ, ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം പരിശോധനക്ക് നൽകേണ്ടതാണ്.ആകെ ₹ 41,062 /-

I) ചെക്ക് നം.187554/21.04.21

ഫാൻ വാങ്ങിയ തുക - 2400 രൂപ (സിറ്റി ലൈറ്റ്സ് ,കാഞ്ഞങ്ങാട്. ബിൽ നം.72/23.03.21)

A4 പേപ്പർ വാങ്ങിയത് - 4,400 രൂപ (ഗണേഷ് ബുക് സ്റ്റാൾ.ബിൽ നം.437/20.03.21)

Ii)ചെക്ക് നം.187554/21.04.21

UPS ന് ബാറ്ററി - 22,504 രൂപ (AM അസ്സോസിയേറ്റ്സ്,Nകോട്ടച്ചേരി. Inv.No:47/02.07.21)

Iii)ഉത്സവ ബത്ത(2 ജീവനക്കാർ) - 5500 രൂപ (ചെക്ക് നം.5844159/17.08.21

Iv)ചെക്ക് നം.5844359/04.01.22

പ്രിന്റിങ് ചാർജ്ജ് - 1758 രൂപ (ജനത പ്രിന്റിങ് പ്രസ്സ്. ബിൽ നം.127,134/26.04.21)

V)ചെക്ക് നം.5844359/04.01.22

സ്റ്റിക്കർ കട്ടിങ് - 2400 രൂപ (കാർ കൂൾ,കാഞ്ഞങ്ങാട്.ബിൽ നം.11973 /25.02.2022),

വിനൈൽ പ്രിന്റിങ് - 2100രൂപ (കാർഡ്,ബെങ്കച്ചേരി കോംപ്ലക്സ്,കാഞ്ഞങ്ങാട്.ബിൽ നം.488 / 25.01.2022)

സി). കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവിനത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ വിവരം നൽകേണ്ടതാണ്.

2021-22 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ

സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ,ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | തുക | ചെക്ക് നം |
|---|---|---|---|
| 1 | അസി.എക്സി.എഞ്ചിനീയർ(AExE) | 100000 | 5844128 / 01.07.21 |
| 2 | കൃഷി അസി.ഡയറക്ടർ (ADA) | 15000 | |
| 3 | SCDO | 30000 | 5844163 / 03.09.21 |
| 4 | CDPO | 10834 | 5844309 / 27.10.21 |
| 5 | ADA | 20000 | 5844369 / 12.01.22 |
| 6 | AExE | 100000 | 5844533 / 26.03.22 |

(ഓഡിറ്റ് എൻക്വയറി -07 (തിയതി-02.05.2023)

### 1-10 വാടക തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച്.

2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം കുടിശ്ശിക വാടകയിനത്തിൽ 4,000/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. കുടിശ്ശിക വാടക തുക പിരിച്ചെടുത്ത് ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.03 തീയതി 28.04.2023)

### 1-11 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, |
| പ്രോജക്ട് നം. | SOO10//22 |
| പ്രോജക്ടിന്റെ പേര് | പഠനമുറി പട്ടികവർഗ്ഗം |
| അടങ്കൽ | 3,41,400 – വികസന ഫണ്ട് -ടി. എസ്. പി |
| ചെലവ് തുക | 1,42,800 – വികസന ഫണ്ട് -ടി. എസ്. പി |
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200463008700674540 / 19.11.2021, Rs.1,42,800 |

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പ്രോജക്ടുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു

എസ്.ടി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ സബ്സിഡി നൽകുന്നതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തീയ്യതി. |
|---|---|---|---|
| 1 | സതി.എ<br>W/o നാരായണൻ<br>പച്ചക്കുണ്ട് വീട്<br>കാഞ്ഞിരപ്പൊയിൽ പി.ഒ | 50,000/- | 19.11.2021 |
| | | 75000 | 24.11.2022 |

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകത പരിഹരിക്കുന്നതിനാവശ്യമായ പഠനമുറി പൂർത്തീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 04.തീയ്യതി.28.04.2023)

1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, |
| പ്രോജക്ട് നം. | 1) SOO10//22 , 2) SO117//22 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.22/2018/തസ്വഭവ തീ. 14.02.2018 സബ്സിഡി മാർഗരേഖ അനുബന്ധ ഉത്തരവ് പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിക്കേണ്ടത്. പദ്ധതിയുടെ വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി എന്നിവ ഫയലിൽ സൂക്ഷിച്ചിക്കേണ്ടതാണ്. ആയതിനാൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണോ നിർമ്മാണം നടത്തിയത് എന്നത് വ്യക്തമല്ല. ഉദാഹരണമായി വിവിധ അപേക്ഷകളോടൊപ്പം ഹാജരാക്കാത്ത രേഖകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ. SO10//22- പഠനമുറി പട്ടികവർഗ്ഗം

ഫണ്ട് - വികസന ഫണ്ട് - ടി.എസ്.പി

അടങ്കൽ - 3,41,400/-

ചെലവ് തുക –1,42,800/-

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200463008700674540 / 19.11.2021, Rs.1,42,800/- |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | ഷീബ.ബി<br>W/o ബാലകൃഷ്ണൻ<br>ബേങ്കാട്ട് വീട്, പെള്ളക്കട<br>ഹരിപുരം പി.ഒ | കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, വാല്യവേഷൻ സർട്ടിഫിക്കറ്റ് |
| 2 | ശ്രീധരൻ.കെ<br>ഒണ്ടംകുളം വീട്<br>എടമുണ്ട, ഹരിപുരം പി.ഒ | കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, വാല്യവേഷൻ സർട്ടിഫിക്കറ്റ് |
| 3 | സതി.എ<br>W/oനാരായണൻ<br>പച്ചക്കുണ്ട് വീട്<br>കാഞ്ഞിരപൊയിൽ | കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ, വാല്യവേഷൻ സർട്ടിഫിക്കറ്റ് (32,086/-രൂപയുടെ മാത്രം) |

2) പ്രോജക്ട് നമ്പർ .SO117//22- പഠനമുറി പട്ടികവർഗ്ഗം

ഫണ്ട് - വികസന ഫണ്ട് - ടി.എസ്.പി

അടങ്കൽ - 1,26,000/-

ചെലവ് തുക – 1,26,000/-

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200463008701187563 / 23.02.2022, Rs.75,000/- |
| | 21200463008700368731 / 03.09.2021, Rs.51,000/- |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | മാണി. എൻ കായക്കുന്ന് | കരാറിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ |

മേൽ അപാകതകൾ സംബന്ധിച്ച് 28.04.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-06) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,68,800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-13 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | S008//22 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 24,25,000 – വികസന ഫണ്ട് - ടി.എസ്.പി |
| ചെലവ് തുക | 19,65,207 – വികസന ഫണ്ട് - ടി.എസ്.പി |
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 21200463008700582463 / 29.10.2021, Rs.5,60,000/- |
| | 21200463008700582470 / 29.10.2021, Rs.2,05,000/- |
| | 21200463008701473565 / 26.03.2022, Rs.5,45,207/- |
| | 21200463008700672418 / 16.11.2021, R2,35,000/- |
| | 21200463008700462949 / 29.09.2021, Rs.4,20,000/- |

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രൊജക്ട് നമ്പർ. S008//22 പ്രകാരം വികസന ഫണ്ടിൽ ( ടി.എസ്.പി) നിന്ന് 19,65,207/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 5 ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച 97 വിദ്യാർത്ഥികൾക്ക് ആകെ 19,65,207/-രൂപ സ്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ താഴെകൊടുത്ത അപാകത ശ്രദ്ധയിൽപെടുകയുണ്ടായി.

നിലവിൽ ജില്ലാ പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസറിൽ നിന്നും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ആരും തന്നെ പ്രസ്തുത

സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ സുബിൻ ബി S/o ബിനു.കെ, പുളിയനടുക്കം, കാഞ്ഞിരപ്പൊയിൽ പി.ഒ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയിൽ പട്ടികവർഗ്ഗക്കാരനാണെന്ന് തെളിയിക്കുന്ന ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതും കൂടി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 19,65,207/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.05 തീയതി 28.04.2023)

1-14 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 9/22 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പദ്ധതി ഓഫീസർ |
| ചെലവ് തുക | 12,00,000/- |

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി പ്രോജക്ട് നം. 9/22 പ്രകാരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കുക എന്നതാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് വിഹിതം നല്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം താഴെ പറയുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക പദ്ധതിക്കായി വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | വിഹിതം നല്കിയ ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|---|---|
| 1. | 2/4.10.2021 | മടിക്കൈ | 68,800 |
| 2 | 4/20.10.2021 | മടിക്കൈ | 64,800 |
| 3. | 2/6.1.2022 | പള്ളിക്കര | 3,54,300 |
| 4. | 3/12.1.2022 | ഉദുമ | 3,50,000 |
| 5. | 4/18.1.2022 | അജാനൂർ | 2,70,700 |
| 6. | 5/24.2.2022 | മടിക്കൈ | 91,400 |
| | | ആകെ | 12,00,000/ |

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 12,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2021-22 | 26.04.2023 - 27.04.2023 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2021-22 | 63,70,000 | 31/22 ലൈഫ് പി.എം.എ.വൈ (ജനറൽ) | 63,70,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 25,00,000 | 41/22 പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് കേന്ദ്രം | 25,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,00,000 | 4/22 അമൃത കിരണം – സെക്കണ്ടറി വിദഗ്ദ സാന്ത്വന പരിചരണം | 5,00,000 | 0 |
| | | 38,22,000 | 31/22 ലൈഫ് പി.എം.എ.വൈ (ജനറൽ) | 38,22,000 | 0 |
| | | 20,00,000 | 94/22ബ്ലോക്ക് പഞ്ചായത്ത് ആർ അർ എഫ് മാലിന്യ സംസ്കരണ കേന്ദ്രം വിപുലീകരണവും യന്ത്രവൽക്കരണവും | 13,99,644 | 6,00,356 |
| | | 10,00,000 | 146/22 പെരിയ സി.എച്ച്.സി ഡയാലിസിസ് സെന്റർ അടിസ്ഥാന സൗകര്യ വികസനം | 4,19,528 | 5,80,472 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് , കാസറഗോഡ് | തോക്കാനം കാവുങ്കൽ മൊട്ട കുടിവെള്ള പദ്ധതി (138/22) | 5,97,320 | 0 | 5,97,320 |
| ഭൂജലവകുപ്പ് , കാസറഗോഡ് | അരമങ്ങാനം കാപ്പുങ്കയം പട്ടർവളപ്പ് കുടിവെള്ള പദ്ധതി(137/22) @ ഉദുമ ഗ്രാമ പഞ്ചായത്ത് | 5,98,400 | 0 | 5,98,400 |
| | ആകെ | | | 11,95,720 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും -അവലോകനം 2012-13 | - | 2012-13 | 3.3.6.1 അനുബന്ധം 6,7,8 | പെരിയ സി.എച്ച്.സി മാതൃശിശു വാർഡ് പ്രവർത്തന രഹിതം (പേജ് 125 ) | ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ എം.ഐ.പി 13.01.2023 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) പരിഗണനയിൽ |
| വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും 2013-14 | - | 2013-14 | 5.3.5.1& 5.3.5.2 | വ്യവസായ മേഖല ചെലവ് ഉച്ചം (പേജ്.145,147) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.3.5.3 | വനിത ചകിരി വ്യവസായ യൂണിറ്റ് സംബന്ധിച്ച് (പേജ്.149) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.3.5.4 | മിനി വ്യവസായ എസ്റ്റേറ്റ് -അസൗകര്യങ്ങൾ സംബന്ധിച്ച് (പേജ്.150) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2016-17 | 3-10 | 2017-18 | 1-14 | ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു | നിലവിലുള്ള സ്ഥിതി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിന്മേൽ പരിശോധനറിപ്പോർട്ട് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്. |

(ksa/ksd11/885/18 Dt.04.8.2018)

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 9,76,26,880 /- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 9,40,03,955 /- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹34,34,007/- |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,93,800 | മനു മുരളി, പട്ടികവർഗ്ഗ വികസന ഓഫീസർ |
| | 75,000 | സുധാകരൻ, പട്ടികവർഗ്ഗ വികസന ഓഫീസർ |
| 1-13 | 14,20,000 | മനു മുരളി, പട്ടികവർഗ്ഗ വികസന ഓഫീസർ |
| | 5,45,207 | ബാബു.എ, പട്ടികവർഗ്ഗ വികസന ഓഫീസർ |
| 1-14 | 12,00,000 | ഷൈനി ഐസക് ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | ₹34,34,007/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/594/15(2) തീയ്യതി 16-09-15 | 4 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 6/594/15(3) തീയ്യതി 16-09-15 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 6/594/15(4) തീയ്യതി 16-09-15 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 6/594/15(5) തീയ്യതി 16-09-15 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 6/594/15(6) തീയ്യതി 16-09-15 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 6/594/15(7) തീയ്യതി 16-09-15 | 2 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 6/594/15(8) തീയ്യതി 16-09-15 | 5 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/594/15(9) തീയ്യതി 16-09-15 | 2 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/594/15(10) തീയ്യതി 16-09-15 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/594/15(11) തീയ്യതി 16-09-15 | 1 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/594/15(12) തീയ്യതി 16-09-15 | 2 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/594/15(13) തീയ്യതി 16-09-15 | 5 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/564/15 (14) തീയ്യതി 16-09-15 | 6 |
| 2010-11 To 2012-13 | എൽ.എഫ്.കെ.എസ്.ഡി 6/109/2015 തീയ്യതി 13-02-2015 | 6 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി 8/1030/2015 തീയ്യതി 05-11-15 | 8 |
| 2014-15 To 2015-16 | കെ.എസ്.എ.കെ.എസ്.ഡി 8/1031/2016 തീയ്യതി 14-10-16 | 16 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി 8/1145/2017 തീയ്യതി 14-11-17 | 11 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി 8/172/2019തീയ്യതി 22-2-19 | 18 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി 8/160/2020തീയ്യതി 25-2-2020 | 28 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി 8/932/2021 തീയ്യതി 29.01.2022 | 16 |
| 2020-21 | കെ.എസ്.എ.കെ.എസ്.ഡി 8/933/2021 തിയതി 31.01.2022 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Kanhangad Block Panchayat INCOME & EXPENDITURE STATEMENT | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 529200.00 |
| 140000000 | Fee & User Charges | I-4(b) | 11893.00 |
| 150000000 | Sale & Hire Charges | I-5(b) | 135296.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 81848969.00 |
| 171000000 | Interest Earned | I-8 | 99354.00 |
| 180000000 | Other Income | I-9 | 84320.00 |
| | Total Income | | 82709032.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1824617.00 |
| 220000000 | Administrative Expenses | I-11(b) | 1038021.00 |
| 230000000 | Operations & Maintenance | I-12(b) | 2703696.00 |
| 240000000 | Interest & Finance Charges | I-13 | 15707.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10509956.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43740825.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 13685213.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2882749.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 97698.00 |
| 255000000 | Maintenance Projects | I-14(e) | 3692633.00 |
| | Total Expenditure | | 80191115.00 |
| | Gross Surplus / Deficit of income over Expenditure | | 2517917.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -523886.00 |

| | | | |
|---|---|---|---|
| | Net difference (Prior period Income - Prior period Expenditure) | | 3041803.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kanhangad Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4722341.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 27700.00 |
| 140000000 | Fees & User Charges | RP-4 | 11893.00 |
| 150000000 | Sale & Hire Charges | RP-5 | 135296.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59812281.00 |
| 171000000 | Interest Earned | RP-9 | 99354.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28366447.00 |
| 350000000 | Other Liabilities | RP-36 | 146849.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24850.00 |
| 340000000 | Deposits Received | RP-34 | 21000.00 |
| 350000000 | Other Liabilities | RP-36 | 4162.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8720065.00 |
| 460000000 | Loans, Advances and Deposits | RP-47 | 256983.00 |
| | Grand total | | 102349221.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1824617.00 |
| 220000000 | Administrative Expenses | RP-12 | 1238130.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 442043.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9779598.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 43670286.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1052527.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1429799.00 |
| 255000000 | Maintenance Projects | RP-20 | 3692633.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -375857.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 500060.00 |
| 350000000 | Other Liabilities | RP-36 | 8248839.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 923.00 |
| 340000000 | Deposits Received | RP-34 | 10500.00 |
| 350000000 | Other Liabilities | RP-36 | 104430.00 |
| 410000000 | Fixed Assets | RP-38 | 7926302.00 |
| 412000000 | Capital work in Progress | RP-40 | 3535704.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10130578.00 |
| 460000000 | Loans, Advances and Deposits | RP-47 | 792843.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8345266.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 102349221.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| Kanhangad Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 15206617.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 46679171.00 |
| | Total Reserve & Surplus | | 61885788.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8194630.00 |
| | Total Grants, Contributions for Specific Purposes | | 8194630.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 160800.00 |
| 350000000 | Other Liabilities | B-9 | 266119.00 |
| | Total Current Liabilities and Provisions | | 426919.00 |
| | TOTAL LIABILITIES | | 70507337.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 71572808.00 |
| 411000000 | Accumulated Depreciation | B-11 | -20492793.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 51080015.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 10176578.00 |
| 450000000 | Cash and Bank Balance | B-17 | 8345266.00 |
| 460000000 | Loans, Advances and Deposits | B-18 | 905478.00 |
| | Total Current Assets, Loans and Advances | | 19427322.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | |
|---|---|
| TOTAL ASSETS | 70507337.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്